# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ
ചോദ്യം നമ്പർ *330

24.06.2013-ലെ മറുപടിക്ക്

**ജയിലുകളുടെയും, ജയിൽ പുള്ളികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.സി.മമ്മൂട്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ജയിലുകളുടെയും ജയിൽ പുള്ളികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | എ) 1. തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനായി പുതിയ 5 ജയിലുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി നിർമ്മിക്കുന്ന 5 ജയിലുകളെ സംബന്ധിച്ച വിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.<br><br>2. 3 സെൻട്രൽ ജയിലുകളിൽ ജലവിതരണ പദ്ധതികൾ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>3. വീഡിയോ കോൺഫറൻസിംഗ് സംവിധാനം വിപുലീകരിച്ചുവരുന്നു. |
| ബി) ജയിൽ പുള്ളികളുടെ മാനസിക സംഘർഷം ഇല്ലാതാക്കുന്നതിനും കുറ്റവാസനകളുള്ളവരെ നേർവഴിക്കു കൊണ്ടുവരുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; | ബി) തടവുകാരുടെ മാനസിക സംഘർഷം കുറയ്ക്കുക, വിശ്രമ വേളകൾ ആനന്ദകരമാക്കുക എന്നീ ലക്ഷ്യത്തോടുകൂടി ജയിലുകളിൽ എഫ്.എം. റേഡിയോ, ടെലിവിഷനുകൾ എന്നിവ സ്ഥാപിച്ചു. ലൂഡോ, ചെസ് ബോർഡ്, കാരം ബോർഡ്, ഏണിയും പാമ്പും തുടങ്ങിയ ഇൻഡോർ കളിയുപകരണങ്ങളും നൽകുന്നുണ്ട്. തടവുകാർക്ക് വിശ്രമവേളകളിൽ ഇത്തരത്തിലുള്ള കളികളിൽ ഏർപ്പെട്ടുകൊണ്ട് മാനസിക പിരിമുറുക്കങ്ങളിൽനിന്നും രക്ഷ നേടാൻ കഴിയുന്നുണ്ട്. |

| | |
|---|---|
| | തടവുകാർക്ക് കൂടുതൽ വേതനം ഉറപ്പാക്കിക്കൊണ്ട് പാരമ്പര്യ തൊഴിലുകൾക്ക് പുറമേ പന്നി വളർത്തൽ, കോഴി വളർത്തൽ, ആട് വളർത്തൽ, മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കൽ, ചപ്പാത്തി, ഇഡ്ഡലി, കറി എന്നിവയുടെ നിർമ്മാണം, കെട്ടിട നിർമ്മാണം എന്നിവയിൽ തൊഴിലവസരം സൃഷ്ടിച്ചുകൊണ്ട് ഈ ഇനത്തിൽ തടവുകാർക്ക് ലഭിക്കുന്ന കൂടുതൽ തുക അവരുടെ വീടുകളിൽ എത്തിക്കുവാൻ കഴിയുന്നുണ്ട്.<br><br>തടവുകാർക്ക് അവരുടെ ബന്ധുക്കളുമായും സുഹൃത്തുക്കളുമായും ആശയ വിനിമയം നടത്തുന്നതിന് ജയിലുകളിൽ കോയിൻബോക്സ് സംവിധാനം ഏർപ്പെടുത്തി. ലൈബ്രറി പുസ്തകങ്ങൾ നൽകുക വഴി തടവുകാരിൽ വായനാശീലം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു. തടവുകാരുടെ ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി 17 ഇനം തൊഴിൽ പരിശീലനം നൽകി വരുന്നു. |
| സി) ജയിൽ ഭക്ഷണ വില്പന പദ്ധതി വിജയപ്രദമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ? | സി) ജയിൽ വകുപ്പ് വാണിജ്യാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുള്ള ഭക്ഷണ വില്പന പദ്ധതി വൻവിജയമാണ്. ഈ പദ്ധതി വ്യാപകമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

<u>പുതുതായി നിർമ്മിക്കുന്ന 5 ജയിലുകൾ.</u>

1. ഹൈസെക്യൂരിറ്റി പ്രിസൺ, വിയ്യൂർ
2. തവനൂർ സെൻട്രൽ ജയിൽ
3. ജില്ലാ ജയിൽ, മുട്ടം, ഇടുക്കി
4. ജില്ലാ ജയിൽ, മലമ്പുഴ
5. സ്പെഷ്യൽ സബ് ജയിൽ, ഇരിങ്ങാലക്കുട

സെക്ഷൻ ഓഫീസർ